# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതിയെ ഉല്പാദന മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി

നക്ഷത്രചിഹ്നമിടാത്ത  20.06.2014 ൽ മറുപടിക്ക്

ചോദ്യം നമ്പർ : 2971

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിയെ ഉല്പാദന മേഖലകളിലേക്ക്കൂടി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | കാർഷിക, തോട്ടം മേഖലകളിലും, മറ്റ് നിർമ്മാണ മേഖലകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കാർഷികാവശ്യങ്ങൾക്കായി ഭൂവികസനം, ഉല്പാദന ക്ഷമത വർദ്ധിപ്പിക്കൽ, ഹോർട്ടികൾച്ചർ, തോട്ടവിള എന്നിവ നിലവിൽ അനുവദനീയമാണ്. കൂടാതെ നിർമ്മാണമേഖല യിൽ ചെക്ക്ഡാമുകൾ, സ്റ്റോപ്പ്ഡാമുകൾ, തടയണകൾ, പാർശ്വഭിത്തികൾ, പഞ്ചായത്താഫീസ് കെട്ടിടം, അംഗൻവാടി കേന്ദ്രം, വർക്ക് ഷെഡ്, ഗ്രാമീണ വിപണനകേന്ദ്രം, റോഡുകൾ, കലുങ്കുകൾ, സർക്കാർ സഹായത്തോടെ നിർമ്മിക്കുന്ന വീടുകൾ, മത്സ്യം ഉണക്കുന്നതിനും സൂക്ഷിക്കുന്നതിനുള്ള കേന്ദ്രങ്ങൾ, ക്രിമിറ്റോറിയം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>മറ്റു നിർമ്മാണ മേഖലയിലേക്ക് വ്യാപിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. |
| (സി) | തൊഴിലുറപ്പ് പദ്ധതിയെ സോഷ്യൽ ഓഡിറ്റിംഗിന് വിധേയമാക്കുമോ? | (സി) | സോഷ്യൽ ഓഡിറ്റ് എല്ലാവാർഡിലും വർഷത്തിൽ രണ്ട് പ്രാവശ്യം നടത്തി വരികയാണ്. സോഷ്യൽ ഓഡിറ്റ് കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

തൊഴിലുറപ്പ് പദ്ധതിയിൽ ഉല്പാദന മേഖലയിൽ ഉൾപ്പെടുത്തി നിലവിൽ ചുവടെ പറയുന്ന പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

എ. **പൊതുഭൂമിയിലെ പ്രവൃത്തികൾ**

1. ജലസംരക്ഷണ പ്രവൃത്തികൾ
2. നീർത്തട വികസന പ്രവൃത്തികൾ
3. ചെറുകിട ജലസേചനം
4. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണം
5. മരങ്ങൾ പിടിപ്പിക്കൽ
6. ഭൂവികസന പ്രവൃത്തികൾ

ബി. **വ്യക്തികളുടെ പറമ്പിലെ പ്രവൃത്തികൾ**

(ഖണ്ഡിക 5 ൽ പരാമർശിക്കുന്ന വിഭാഗങ്ങൾക്ക് ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു)

ഭൂമിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന ഭൂവികസനം, ജലസേചന പ്രവൃത്തികൾ, കിണർ, കുളങ്ങൾ തുടങ്ങിയ ജലകൊയ്ത്ത് നിർമ്മിതികൾ

1. ഹോർട്ടികൾച്ചർ, സെറികൾച്ചർ, തോട്ടവിള, അഗ്രോഫോറസ്ട്രി
2. മൃഗസംരക്ഷണ പ്രവൃത്തികൾ:- കോഴിക്കൂട്, ആട്ടിൻകൂട്, കാലിതൊഴുത്ത്, പന്നിക്കൂട്
3. മത്സ്യബന്ധനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ (മത്സ്യം ഉണക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള കേന്ദ്രങ്ങൾ)

III. NRLM ഉൾപ്പെട്ട സ്വയംസഹായ സംഘത്തിന് ജൈവവള നിർമ്മാണം, വിളവ് സംഭരിക്കുന്ന കേന്ദ്രം, വർക്ക് ഷെഡ്ഡുകൾ

IV. ഗ്രാമീണ മാർക്കറ്റുകൾക്കും SHG ഫെഡറേഷനുള്ള കെട്ടിടങ്ങൾ ഭക്ഷ്യധാന്യ സംഭരണ കേന്ദ്രങ്ങൾ